# കേരളോപകാരി മാസിക

1877 മാർച്ച്

# കേരളോപകാരി

**മാസിക**

## 1877 മാർച്ച്

താളിളക്കം

2020

പേര്: **കേരളോപകാരി 1877 മാർച്ച്**

ഭാഷ Malayalam

വിഭാഗം: മാസിക

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

കേരളോപകാരി

Vol. IV MARCH 1877 No. 3

## THE LITTLE SAVOYARD

### ചെറിയ സവൊയക്കാരൻ

പശ്ചിമോത്തരദിക്കുകളിലെ ത്രീയർ, എന്ന നഗരത്തിൽ വാണിരുന്ന ഒരു പ്രഭുവിൻറ കോവിലകത്തിൻ അരികെ, ഒരു ദിവസം ഏഴു എട്ടു വയസ്സുള്ളൊരു ആണ്കുട്ടി വലിയ ഒരു കല്ലിന്മേൽ ഇരുന്നു. അവൻ ഒരു കൈയിൽ ഒരു വടിയും, മറ്റേതിൽ രണ്ടു പവ്വതെലികളെ പിടിച്ചു കെ ട്ടിയ കയറുകളും, പുറത്തു ചെറിയൊരു സഞ്ചിയും ഉണ്ടു. പവ്വതെലി (marmot, mountain-rat) ശീതമേറിയ മലപ്രദേശങ്ങളിൽ ജീവിക്കയും, എലിയുടെ ചേലും വിലാത്തി മുയലിന്റെ വണ്ണവും ആയിരിക്കയും, മനു ഷ്യനോടു എളുപ്പത്തിൽ ഇണങ്ങി ഓരോ കളികളെയും ഗോഷ്ടികളെയും വേഗത്തിൽ ശീലിക്കയും ചെയ്യുന്ന ഒരു ജന്തുവാകുന്നു. ആ കുട്ടി സവൊയമലപ്രദേശങ്ങളിൽ പാക്കുന്ന അമ്മയപ്പന്മാരെയും സഹോദരിസഹോദ രന്മാരെയും ബന്ധുജനങ്ങളെയും ജന്മഭൂമിയെയും, കുറെ കാലം മുമ്പെ മ രിച്ചുപോയ ജ്യേഷ്ഠനെയും ഓൎത്തു വ്യസനിച്ചു; ദൈവമേ, എന്നെ നോക്കി വിചാരിക്കേണമേ, എന്നു പ്രാൎത്ഥിച്ചു കൊണ്ടിരുന്നു. പ്രഭു ജനവാതിലിൽ കൂടി നോക്കി, ആ കുട്ടിയെ കണ്ടു കൃപ തോന്നി, ഒരു പണിക്കാരനെ അയച്ചു കോവിലകത്തു വിളിച്ചു. പിന്നെ പ്രഭു അവനു വളരെ സ്നേഹം കാട്ടി: നീ എവിടെനിന്നു വന്നു? എന്നും, ഉപജീവനം കഴിക്കുന്നതു എങ്ങി നെ? എന്നും ചോദിച്ചു. കുട്ടിയും ശങ്ക വിട്ടു: ബഹു ദൂരമായിരിക്കുന്ന സ വൊയമലപദേശത്തിൽനിന്നു ഞാൻ വന്നിരിക്കുന്നു. എന്റെ അമ്മയപ്പന്മാർ എനിക്കു ഭക്ഷണം തരുവാൻ കഴിയായ്കകൊണ്ടു, എന്റെ നാട്ടിൽ പല കുട്ടികൾ ചെയ്യുന്നതു പോലെ, ഞാനും യാത്രയായി പല പല ദേശങ്ങളിലും നടന്നു, ഈ പവ്വതെലികളെ പണത്തിനു വേണ്ടി കാണിച്ചു കളിപ്പിക്കയും ചെയ്യുന്നതിനാൽ ഉപജീവനം കഴിച്ചു വരുന്നു, എന്നു പറ ഞ്ഞു. എന്നാറെ പ്രഭു കുട്ടിയിൽ വളരെ രസിച്ചു, അവനോടു: നിന്റെ പവ്വതെലികളിൽ ഒന്നു എനിക്കു വില്ക്കുമോ? ഞാൻ നല്ല വില തരാം, എന്നു ചോദിച്ചു. അപ്പോൾ കുട്ടി ഒന്നു വിചാരിച്ചു: പക്ഷെ ജനങ്ങൾക്കു കാണിപ്പാൻ വേണ്ടി ഒന്നു മതി, നല്ല വില കിട്ടിയാൽ അതിനെ അമ്മ യപ്പന്മാൎക്കു അയക്കാമല്ലൊ, എന്നു ഓൎത്തു, ഇതിൽ ഒന്നു എന്റെ ജ്യേഷ്ഠന്റേതായിരുന്നു. അവൻ അതിനെ കാട്ടിൽനിന്നു പിടിച്ചിണക്കി ശീലി പിച്ചു, വളരെ പ്രീതിയോടെ വിചാരിച്ചു, മരിപ്പാറായപ്പോൾ ഇതിനു ഒരു ചുംബനം കൊടുത്തു

പ്രാണനെ വിടുകയും ചെയ്യു. അതുകൊണ്ടു ഇതി നെ വില്പാൻ കഴികയില്ല; വേണം എങ്കിൽ, എന്റെ സ്വന്തമുള്ളതിനെ തരാം, എന്നു കരഞ്ഞുംകൊണ്ടു പറഞ്ഞു. ഏതായാലും വേണ്ടതില്ല, എ ന്നു പ്രഭു അരുളി, ധാരാളമായ വില കൊടുത്തു പ്ː വ്വതെലിയെ വാങ്ങി, ഒരു പണിക്കാരനിൽ ഏല്പിച്ചു അതിനെ നല്ലവണ്ണം പോറ്റി രക്ഷിക്കേണം, എന്നു കല്പിച്ചു. അച്ചെറിയവനും പ്രഭുവിനെ തൊഴുതു, വിട വാങ്ങി സ ന്തോഷത്തോടെ യാത്രയാകയും ചെയ്തു.

പിന്നെ ഏകദേശം എട്ടു മാസം ചെന്നു, വസന്ത വേനൽക്കാലങ്ങളും കഴിഞ്ഞു, ഹിമകാലം തുടങ്ങിയാറെ, ഉഗ്രതയുള്ള ശീതം അതിക്രമിച്ച ഒരു ദിവസത്തിൽ ആ പ്രഭു പിന്നെയും ജനവാതിലിൽ കൂടി നോക്കി: അയ്യോ, നല്ല ഉടുപ്പും തീ കായുവാൻ വിറകുമില്ലാത്ത സാധുജനങ്ങൾക്കു ഇന്നു എത്ര കഷ്ടം സഹിക്കേണ്ടിവരും, എന്നു വിചാരിച്ചു വ്യസനിച്ചു കൊണ്ടിരിക്കുമ്പോൾ, താഴെയുള്ള ആ വലിയ കല്ലിന്റെ അരികത്തു എ ത്രയോ ശീതിക്കുന്ന ഒരു ആണ്കുട്ടി നില്ക്കുന്നപ്രകാരം തോന്നി, ഉറ്റു നോക്കുമ്പോൾ കുട്ടി തലയിൽനിന്നു തൊപ്പി എടുത്തു, പ്രഭുവിനെ ഒന്നു തൊഴുതതിനാൽ, ആ ചെറിയ സവൊയക്കാരൻ തന്നെ, എന്നറിഞ്ഞു അകത്തു വരേണ്ടതിനു ആംഗ്യം കാട്ടി വിളിപ്പിച്ചു. കുട്ടിയും വേഗത്തിൽ അനുസരിച്ചു കോവിലകത്തു ചെന്നു, വണക്കത്തോടെ തിരുമുമ്പിൽ നി ല്ക്കുമ്പോൾ, പ്രഭു വൎത്തമാനം എല്ലാം ചോദിച്ചതിനു: ഞാൻ വലിയ സ ങ്കടത്തിൽ അകപ്പെട്ടു, എന്റെ പൎവ്വതെലി മറ്റേതിനെ കാണായ്കയാൽ ഉണ്ടായ ദുഃഖം നിമിത്തം ദീനം പിടിച്ചു മരിച്ചതുകൊണ്ടു , എന്റെ ഉപ ജീവനം പൊയ്പോയി, ഇനി എന്തു വേണ്ടു എന്നു അറിയുന്നില്ല. തമ്പുരാ നവൎകളുടെ പൎവ്വതെലി ഇനി ഉണ്ടാ? എന്നു ചോദിച്ചു. എന്റേതു ഇനി ഉണ്ടു , നല്ല സൌഖ്യത്തോടെയും ഇരിക്കുന്നു, എന്നു പ്രഭു പറഞ്ഞതു കേട്ടു, തെളിഞ്ഞു അതിനെ എനിക്കു തിരികെ വില്ക്കുമോ? എന്നു കുട്ടി ചോദി ച്ചാറെ, പ്രഭു: എന്നാൽ നിനക്കു പണം ഉണ്ടോ? എന്നു ചോദിച്ചതിനു കുട്ടി: തമ്പുരാനവൎകൾ തന്ന മുതലിനെ ഞാൻ അമ്മയപ്പന്മാൎക്കു അയ ച്ചു, എങ്കിലും കൈക്കലുള്ള ആറു ഉറുപ്പിക ഞാൻ ഇപ്പോൾ തന്നെ തരാം, ശിഷ്ടമുള്ളതു ഞാൻ വിശ്വാസത്തോടെ കൊണ്ടു വരാം, എന്നു പറഞ്ഞു. എന്നാൽ അങ്ങിനെയല്ല, എലിയെ ഞാൻ വെറുതെ തരാം, പിന്നെ കൊ ല്ലംതോറും ഒന്നാം ജനുവരി നീ ഇവിടെ വന്നു, നിന്റെ വ്യാപാരത്തിൽ നിന്നു വന്ന ലാഭത്തിന്റെ പകുതി എനിക്കു ശരിയായി കൊണ്ടുവരേണം. മനസ്സുണ്ടെങ്കിൽ ഇങ്ങു കൈ അടിക്ക, എന്നു പ്രഭു ചൊല്ലി കൈകാട്ടിനിന്നു. ഇതു കളിയത്രെ, എന്നു കുട്ടി വിചാരിച്ചു, കുറെ നേരം നോക്കിനിന്നു, കളിയല്ല എന്നു കണ്ടു ഉറപ്പോടെ കൈയടിച്ചു. എന്നാറെ പ്രഭു പറ ഞ്ഞു : നാം ഇപ്പോൾ കൂട്ടുകച്ചവടക്കാരായല്ലൊ, ഈ കഠിന ശീതകാല ത്തു നിന്നെ അയക്കുന്നതു ശരിയല്ല, നീ ദീനം പിടിച്ചു കുഴങ്ങിപ്പോയാൽ, ലാഭത്തിൽ ഉണ്ടാകുന്ന എന്റെ ഓഹരി

പോയ്യോകും, അതുകൊണ്ടു ശീ തം മാറുന്നതുവരെ നീ ഇവിടെ പാൎക്കേണം, വേണ്ടുന്ന ചെലവു ഞാൻ കണ്ടു കൊള്ളാം. കുട്ടിയും സന്തോഷത്തോടെ സമ്മതിച്ചു പാൎത്തു. ശീ തം ശമിച്ചാറെ പ്രഭു ഒരു പുതിയ ഉടുപ്പും അനുഗ്രഹവും നല്കി, അവനെ പറഞ്ഞയക്കയും ചെയ്തു.

ഒന്നാം ജനുവരി ആകുമ്പോൾ ആ ചെറിയവൻ നിശ്ചയിച്ചപ്രകാരം വരുമോ? എന്നു പ്രഭു വിചാരിച്ചു അവന്നായിട്ടു കാത്തിരുന്നു, എങ്കിലും അവൻ വന്നില്ല. പിന്നെയും ഒരു ജനുവരി ദിവസം വന്നു, അതിലും അ വൻ മുമ്പെ പോലെ വരാതെ ഇരുന്നു. അതുകൊണ്ടു പ്രഭു വളരെ ദുഃഖി ച്ചു: ഇവനും നന്നികേടുള്ളവനായി നാശത്തിന്റെ വഴിയിലേക്കു തിരിഞ്ഞു കളഞ്ഞുവോ? എന്നു വിചാരിച്ചതിൽ പിന്നെ ആ കാൎയ്യം മുഴുവനും ഓ ൎമ്മയിൽനിന്നു വിട്ടുപോയി. ഇങ്ങിനെ ആറു ഒന്നാം ജനുവരി ദിവസങ്ങൾ കഴിഞ്ഞു, ഏഴാമതിന്റെ തലനാൾ രാവിലെ ആ പ്രഭുവിന്റെ ഒരു പ ണിക്കാരൻ സന്നിധിയിൽ ചെന്നു: നല്ലൊരു ബാല്യക്കാരൻ പുറത്തുനി ന്നു കൊണ്ടു : ഇപ്പോൾ തന്നെ തമ്പുരാനവൎകളെ കാണേണം, എന്നു വ ളരെ അപേക്ഷിക്കുന്നു, എന്നു പറഞ്ഞു. അവനെ കൊണ്ടു വരിക, എന്നു പ്രഭു കല്പിച്ചാറെ ബാല്യക്കാരൻ തിരുമുമ്പിൽ ചെന്നു വണങ്ങി തൊഴുതു നിന്നു. അഭീഷ്ടം എന്തു? എന്നു പ്രഭു ചോദിച്ചപ്പോൾ: ഏഴു സംവത്സ രത്തിനു മുമ്പെ തിരുമുമ്പിൽനിന്നു ഏറിയോരു നന്മയെ അനുഭവിച്ച ചെറിയ സവൊയക്കാരനെ തമ്പുരാനവൎകൾ ഓൎക്കുന്നില്ലയോ? എന്നു ബാല്യക്കാരൻ താഴ്മയോടെ ചോദിച്ചു. ഓൎക്കുന്നു, ആ സവൊയക്കാരൻ നീ തന്നെ, എന്നു തോന്നുന്നു. എന്നാൽ അന്നു ഉണ്ടാക്കിയ കരാർ ലംഘിച്ചു വല്ലൊ, എന്നു പ്രഭു പറഞ്ഞശേഷം, ബാല്യക്കാരൻ കരാർ ലംഘിച്ചതു സത്യം തന്നെ. അതിന്റെ അവസ്ഥ പറവാനായി ഞാൻ ഇപ്പോൾ തിരുമുമ്പിൽ വന്നിരിക്കുന്നു. ഒന്നാം ആണ്ടിന്റെ ജനുവരി ദിവസത്തിൽ ഞാൻ ബഹു ദൂരമായ ഒരു നഗരത്തിൽ ഇരിക്കകൊണ്ടു ഇങ്ങു വന്നു, ന മ്മുടെ കച്ചവടത്തിൽനിന്നു വരുന്ന ലാഭത്തിന്റെ പകുതി തിരുമുമ്പിൽ വെപ്പാൻ പാടില്ലാതെയായി, എങ്കിലും ഞാൻ തമ്പുരാനവൎകളുടെ ഓഹ രി വേറിട്ടു സൂക്ഷിച്ചു വെച്ചു. കുറെ കാലം കഴിഞ്ഞാറെ എന്റെ പൎവ്വ തെലി മരിച്ചതിനാൽ, എന്റെ പ്രവൃത്തി വീണുപോകയും, ഇനി എന്തു വേണ്ടു ? എന്നു ഞാൻ സംശയിച്ചു നില്ക്കുകയും ചെയ്ത സമയത്തിൽ, എ ന്റെ നാട്ടുകാരനായ ഒരു ബാല്യക്കാരനെ കണ്ടു. വല്ല വേല ചെയ്തുംകൊ ണ്ടു അവനും അല്പം പണം നേടിയവൻ ആകകൊണ്ടു ഞങ്ങൾ ചരക്കു വാങ്ങി ചില്ലറവ്യാപാരം തുടങ്ങി, ഊരും നാടും നടന്നു ഞങ്ങളുടെ സാമാ നങ്ങളെ വിറ്റു, ദൈവാനുകൂല്യത്താൽ ഏതാനും ലാഭം വരുത്തിയാറെ, മെത്ത്സ എന്ന നഗരത്തിൽ സ്ഥിരമായ ഒരു കച്ചവടം തുടങ്ങി. അതുവും സഫലമായി വന്നു. എന്നാൽ ഈ ഏഴു സംവത്സരത്തിൽ എനിക്കു ഒരേ വ്യസനമേയുള്ളു.. ഞാൻ തമ്പുരാനവൎകളോടു ചെയ്ത

സത്യത്തെ ലംഘി ച്ചു, എൻറ വ്യാപാരത്തിൽനിന്നു വന്ന ലാഭത്തിന്റെ പകുതി യെ ആ ണ്ടു തോറും കൊണ്ടു വരാത്തതു തന്നെ. തമ്പുരാൻ അവക്കുടെ ഓഹ രി യെ ഞാൻ എന്റെ കച്ചവടത്തിൽ ഇട്ടു, മുതലും ലാഭവും പലിശയും ഇപ്പോൾ ഒരുമിച്ചുകൊണ്ടു വന്നിരിക്കുന്നു, എന്നു ചൊല്ലി, ഈരായിരം ഉറു പ്പിക പ്രഭുവിന്റെ മേശമേൽ ഇടുകയും ചെയ്തു. എന്നാറെ പ്രഭു: ഞാൻ അന്നു പറഞ്ഞതു കളിവാക്കു എന്നു നിനക്കു തോന്നിയില്ലയൊ? നീ അ ദ്ധ്വാനിച്ചുണ്ടാക്കിയ മുതലിനെ നീ എടുത്തു ദൈവാനുഗ്രഹത്തോടെ അനുഭവിച്ചുകൊൾക, എന്നരുളിയ ശേഷം, ബാ ല്യക്കാരൻ: അയ്യോ തമ്പു രാനവർകൾ ഇതിനെ എന്റെ കൈയിൽനിന്നു വാങ്ങേ ണം. ഞാൻ ഇ വിടെ എത്തി ഈ കാൎയ്യത്തെ വെടിപ്പാക്കുവാൻ കഴിയുവോളം താങ്ങൾ ജീവിക്കുമോ? എന്നുള്ള ഭയം എന്നെ പലപ്പോഴും അസഹ്യപ്പെടുത്തി, അ തുകൊണ്ടു താങ്ങളുടെ ഈ മുതലിനെ എന്റെ കൈയിൽനിന്നു വാങ്ങേ ണം, എന്നു വളരെ താഴ്മയോടെ അപേക്ഷിച്ചു. അപ്പോൾ പ്രഭു: അല്ല യോ മകനേ, നീ അദ്ധ്വാനിച്ചുണ്ടാക്കിയ മുതലിനെ ഞാൻ എങ്ങിനെ അനുഭവിക്കും? അതു നിന ക്കു ആവശ്യമില്ല എങ്കിൽ, അതിനെ നിന്റെ അമ്മയപ്പന്മാൎക്കു കൊടുത്തയക്കേ ണം, എന്നു പറഞ്ഞ ശേഷം മാത്രം അ വൻ സമ്മതിച്ചു, മുതലിനെ മടക്കി എടു ത്തു. ആ ബാല്യക്കാരനെ പ്രഭു പിന്നേതിൽ ഓൎക്കുമ്പോൾ ഒക്കെയും: ദൈവമേ, അവനെ അനുഗ്രഹിക്കേ ണമെ, എന്നു ചൊല്ലി പ്രാൎത്ഥിക്കയും ചെയ്തു.

## GOOD FISH

### നല്ലമീൻ

ബങ്കളൂർനഗരത്തിന്റെ ഉപാന്തികെ വലിയ ഒരു തടാകവും, അതി ന്റെ സമീപത്തു കല്ലു കൊണ്ടു വെടിപ്പോടെ കെട്ടിയ ഒരു കുളവും ഉണ്ടു. ഈ രണ്ടു ജലസ്ഥലങ്ങളെ കൊണ്ടു ആ നഗരവാസികൾ നല്ലൊരു കഥ യെ ഉണ്ടാക്കി പറയുന്നതെന്തെന്നാൽ: ടിപ്പുസുല്ത്താൻ ഒരു നാൾ തൃകൈ കൊണ്ടു ചോറു ഉരുട്ടി, കറിയിൽ മുക്കുന്ന നേരം ഞെട്ടി, അതിക്രുദ്ധനായി എഴുനീറ്റുനിന്നു, വെപ്പുകാരനെ വിളിച്ചു. ആയവനും ബദ്ധപ്പെട്ടു തിരു മുമ്പിൽ ചെന്നു, കൈകൊണ്ടു വായി പൊത്തി, വിറച്ചുംകൊണ്ടു നിന്നു. എടാ, ഇവിടെ കൂട്ടുവാൻ വെച്ചതു എന്തു മീനാണ? ഇങ്ങിനെയുള്ള വ സ്തുവിനെ എന്റെ മുമ്പിൽ വിളമ്പുന്നതു എങ്ങിനെ? എന്നു സുല്ത്താൻ ഉഗ്രകോപത്തോടെ പറഞ്ഞു. എന്നാറെ വെപ്പുകാരൻ: അല്ലയോ ആ ശ്രിതന്മാരെ രക്ഷിക്കുന്ന മഹാരാജാവേ, ഈ കാൎയ്യത്തെ കാരുണ്യ പൂൎവ്വമാ യി കണ്ടരുളേണമേ, ഈ മീൻ മഹാരാജശ്രീയവൎകളുടെ സ്വന്ത തടാക ത്തിൽനിന്നു പിടിച്ചിരിക്കുന്നു. ഇതിനേക്കാൾ നല്ല മീൻ രാജ്യത്തിൽ എ ങ്ങും കിട്ടുകയില്ല നിശ്ചയം. തെളിഞ്ഞ വെള്ളത്തിൽ ജീവിക്കുന്ന മീൻ നല്ല രുചിയുള്ളതാകും, നമ്മുടെ തടാകം ചളിയും ചേറും നിറഞ്ഞതാക കൊണ്ടു, മീൻ നന്നാകുവാൻ പ്രയാസം, എന്നു വളരെ ഭയത്തോടെ പറ ഞ്ഞു. എന്റെ മീനോളം എവിടെ എങ്കിലും നല്ല മീൻ ഉണ്ടാകരുതു, അതു നന്നാകുവാൻ നീ തന്നെ നോക്കിക്കൊള്ളേണം, നന്നാകാഞ്ഞാൽ നിന്റെ തല പൊയ്പോകും നിശ്ചയം, എന്നു സുല്ത്താൻ കണ്ണു ജ്വലിച്ചും കൊണ്ടരുളുകയും ചെയ്തു.

അതുകൊണ്ടു വെപ്പുകാരൻ വളരെ ക്ലേശിച്ചു: മീൻ നന്നാകുവാനായി ഞാൻ എന്തു വേണ്ടു? എന്നു ചിന്തിച്ചു, പക്ഷെ അതിന്നു നല്ല തീൻ വെച്ചു കൊടുത്താൽ ഗുണമായി വരും, എന്നു ചൊല്ലി നൂറു വെപ്പുകാരെ വരുത്തി ദിവസം ഒക്കെയും നല്ല ചോറും പലഹാരങ്ങളും മറ്റും ഉണ്ടാക്കി ച്ചു, വൈകുന്നേരത്തു അതെല്ലാം തടാകത്തിന്റെ കരമേൽ ആക്കി, മത്സ്യ ത്തിനു ചാടിക്കൊടുപ്പിച്ചു. എങ്കിലോ കഷ്ടം, അയ്യൊ കഷ്ടം: ഈ ഭോ ജ്യങ്ങൾ ആ മീനുകൾക്കു രുചിയായി വന്നില്ല, ചിലതു മാത്രം വെള്ളത്തിൻ മീതെ പൊന്തി, അവിടെ നീന്തിക്കണ്ട ചോറും മറ്റും മണത്തു നോക്കി, കലങ്ങിയ വെള്ളത്തിന്റെ അടിയിൽ മടങ്ങിക്കളഞ്ഞു. അപ്പോൾ വെ പ്പുകാരൻ വളരെ വ്യസനിച്ചു, പക്ഷെ കാൎയ്യം ക്രമേണ സാധിക്കുമായിരി ക്കും, എന്നു വിചാരിച്ചു രണ്ടു മൂന്നു ദിവസം ആഹാരം വെള്ളത്തിൽ ഇ ട്ടു, എങ്കിലും അതിനെകൊണ്ടു മീനിനു ഒരു ആവശ്യവുമില്ല എന്നു കണ്ടു, അള്ളായുടെ കല്പന ആർ വിരോധിച്ചു, തലയെഴുത്തിനെ മാച്ചുകളയും? എന്നു വെച്ചു മരണപത്രിക ഉണ്ടാക്കി, ചിലദിവസം മഹാദുഃഖിതനാ യി തടാകത്തിന്റെ കരമേൽ ചുറ്റി നടന്നു.

അങ്ങിനെ ഇരിക്കുമ്പോൾ അവന്റെ സ്നേഹിതനായ ലെക്കൊക്, എന്ന ഒരു പരന്ത്രീസ്സുകാരൻ അവനെ കണ്ടു: ഹാ സ്നേഹിതാ, നിങ്ങൾ ഇത്ര ദുഃഖിതനായി ഇവിടെ ചുറ്റി നടക്കുന്നതു എന്തു? എന്നു ചോദിച്ചു. അയ്യൊ കഷ്ടം! ഈ വെള്ളത്തിലുള്ള മീൻ നന്നാക്കേണം, അല്ലാഞ്ഞാൽ നിന്റെ തല പൊയ്പോകും, എന്നു സുല്ത്താനവകൾ അരുളിയാറെ, നല്ല തീൻകൊണ്ടു മീൻ നന്നാകും. എന്നു ഞാൻ വിചാരിച്ചു, വളരെ ചെല വു കഴിച്ചു, അനവധി നല്ല ചോറും മറ്റും വെള്ളത്തിൽ ചാടിക്കളഞ്ഞു, എങ്കിലും മീൻ അതിനെ തൊടുകയില്ല. അള്ളാ വലിയവൻ, അള്ളാ കല്പിക്കുന്നതു നല്ലതു. ഇനി ഞാൻ മരിക്കുന്നുള്ളു, വേറെ ഒരു ഗതിയും ഇല്ല, എന്നു വെപ്പുകാരൻ വളരെ സന്താപത്തോടെ പറഞ്ഞു. എന്നതു കേട്ടു പരന്ത്രീസ്സുകാരൻ: ഹാ സ്നേഹിതാ, ധൈയ്യമായിരിക്ക, നിനക്കു ഗുണം ഉണ്ടാകുവാനായി ഞാൻ ഒരു വഴി പറഞ്ഞുതരാം. നല്ല തീൻ കൊണ്ടു മീൻ നന്നാകുന്നതു സത്യം തന്നെ, എങ്കിലും മൂത്ത മീൻ നന്നാകുന്നതി ന്റെ സമയം കഴിഞ്ഞിരിക്കുന്നു, ആയവ ചളിയിലും ചേറ്റിലും അധി കം രസിച്ചു പോയി, ഇളയമീൻ നന്നാകേണ്ടതിനു നീ യത്നിച്ചാൽ, കാ യ്യസാദ്ധ്യം ഉണ്ടാകാതിരിക്കയില്ല നിശ്ചയം. എന്നതു വെപ്പുകാരൻ കേട്ട പ്പൊൾ, അന്നോളം മന്ദമന്ദമായി കത്തിയ ഉയിരിന്റെ തിരി പുതുതായി ഉജ്വലിച്ചുവരികയാൽ, വേണ്ടുന്നതെല്ലാം സ്നേഹിതനായ പരന്ത്രീസ്സുകാരനോടു ചോദിച്ചറിഞ്ഞ ശേഷം, ബദ്ധപ്പെട്ടു വീട്ടിൽ ചെന്നു, നൂറു കൂലി ക്കാരെ വരുത്തി തടാകത്തിന്റെ അരികത്തു നല്ലൊരു കുളം കഴിപ്പിച്ചു, വിശേഷകല്ലുകൾ കൊണ്ടു ഭംഗിയോടെ കെട്ടിച്ചു, തെളിഞ്ഞ വെള്ളം അതിൽ ഒഴുകുമാറാക്കി. ഇങ്ങിനെ എല്ലാം ഒരുങ്ങിയിരിക്കുമ്പോൾ അവൻ നൂറു മീൻ പിടിക്കാരെ വരുത്തി, തടാകത്തിൽനിന്നു വലവീശി പിടികി ട്ടിയ ചെറു മീൻ ഒക്കെയും കുളത്തിലാക്കിപ്പാപ്പിച്ചു, പരന്ത്രീസ്സുകാരനായ സ്നേഹിതനോടു പഠിച്ച ക്രമപ്രകാരം തീൻ ഉണ്ടാക്കി അച്ചെറുമീനുകൾ ക്കു ചാടിക്കൊടുപ്പിച്ചു. ആദ്യം ആയാഹാരം മീനിനു നല്ല രുചിയായി തോന്നായ്കയാൽ, വെപ്പുകാരൻ ഭ്രമിച്ചു പോയി, എങ്കിലും രണ്ടു മൂന്നു ദിവസം ചെന്നാറെ, ഒന്നു വെള്ളത്തിൻ മീതെ പൊന്തി നല്ലവണ്ണം തിന്നു. പിന്നെ രണ്ടു മൂന്നു ചേൎന്നു തിന്നു, കുറയനാൾ പാൎത്താറെ മീനുകൾ ഒക്കെ യും ചാടിക്കൊടുത്ത ഭോജ്യങ്ങൾ നല്ല മനസ്സോടെ വിഴുങ്ങുകയാൽ, കൂട്ടം എല്ലാം നല്ല പുഷ്ടിവെക്കുകയും ചെയ്തു.

അനന്തരം ഠിപ്പുസുല്ത്താൻ ഒരു സദ്യ കഴിച്ചു ഏറിയ മഹാന്മാരെയും ഭക്ഷണത്തിന്നായി ക്ഷണിച്ചപ്പൊൾ, വെപ്പുകാരൻ കുളത്തിൽനിന്നു മീൻ പിടിപ്പിച്ചു, കൂട്ടുവാനായി തിരുമുമ്പിൽ വിളമ്പി വെച്ചു. ആയതിനെ സു ല്ത്താൻ രുചിനോക്കിയ ഉടനെ കണ്ണു ചിമ്മി നാവു കൊണ്ടു നൊണെച്ച തല്ലാതെ, വിരുന്നുകാർ ഒക്കത്തക്ക: ആശ്ചൎയ്യം! എത്രയും വിശേഷം! എന്നു തൊഴിച്ചു പറഞ്ഞു. സുല്ത്താൻ വെപ്പുകാരനെ വിളി

ച്ചു: ഈ വിശേഷമുള്ള മീൻ എവിടെനിന്നു കൊണ്ടു വന്നു? എന്നു ചോദിച്ചു. വെ പ്പുകാരനും കൈകൂപ്പിതൊഴുതു: മഹാരാജാവേ, നിന്തിരുവടിയുടെ സ്വന്ത തടാക ത്തിൽനിന്നു തന്നെ. മീൻ നന്നാകേണം, എന്നു അടിയനോടു അരുളിയ ല്ലൊ. കാൎയ്യം പ്രയാസം ആയിരുന്നു, എങ്കിലും അതു സാധിച്ചു, എന്നു ഞാൻ വിചാരി ക്കുന്നു. എന്നാറെ സുല്ത്താൻ വളരെ സന്തോഷിച്ചു, വെ പ്പുകാരനെ ഓമനിച്ചു തട്ടി, ഭണ്ഡാരത്തിൽനിന്നു ആയിരം ഉറുപ്പിക കൊടുപ്പിച്ചു, ഈ അതിശയം നിവൃത്തി ച്ചതു എങ്ങിനെ? എന്നു ചോദി ച്ചു. അതിന്റെ വിവരം കേട്ടു അറിഞ്ഞ ശേഷം: കുളത്തിൽ നല്ല മീൻ ഉണ്ടായാൽ പോരാ, നീ വലിയ മീൻ ഒക്കെയും പിടിപ്പി ച്ചു പൊൻ മുദ്ര യെ നെറ്റിമേൽ കുറിച്ചു വെച്ചു, തടാകത്തിൽ ഇട്ടുകളക. അങ്ങി നെ യുള്ള മീൻ പിടിക്കുന്ന ഏതു ദാശനും അതിനെ രാജാവിന്റെ വെപ്പുകാ രനു ഏല്പിക്കാഞ്ഞാൽ, അവന്റെ തല പൊയ്പോകും, എന്നൊരു പരസ്യം ഉണ്ടാക്കുക. ഇതു രാജമീനത്രെ എന്നു സുല്ത്താൻ അരുളി. ഇങ്ങിനെയുള്ള തെല്ലാം വെപ്പുകാരൻ അനുഷ്ഠിച്ചതിൽ പിന്നെ അവനും സുല്ത്താൻ താ നും മരിച്ചു, എങ്കിലും ആ തടാക വും കുളവും ഈ നാളോളം ഇരിക്കുന്നു. ബങ്കളൂരിൽ കുറയനാൾ താമസിക്കുന്ന എല്ലാ അന്യരാജ്യക്കാരും ഇന്നും തടാകത്തെയും കുളത്തെയും കാണ്മാനും അവ യുടെ കഥയെ കേൾ്പാനും പോകാറുണ്ടു.

കഥ നേരോ അല്ലയോ, എന്നറിയുന്നില്ല, എങ്കിലും ചളിയിലും ചേ റ്റിലും ജീവിക്ക യും രസിക്കയും ചെയ്യുന്ന മീൻ നന്നാകുവാൻ കഴിയാ ത്തതു പോലെ പാപത്തിലും ദുഷ്കൎമ്മത്തിലും ജീവിക്കയും രസിക്കയും ചെ യ്യുന്ന മനുഷ്യൻ ഒരിക്കലും നന്നാക യില്ല. തെളിഞ്ഞ വെള്ളവും വിശേഷ തീനും പെരുകിയിരിക്കുന്ന ദൈവത്തിന്റെ രാജ്യം സമീപമാകുന്നു. ആയ തിൽ പ്രവേശിക്കുന്ന മൂത്തവരും ഇളയവരും എപ്പേ രും നല്ലവരും ദൈവ മക്കളുമായി തീരുകയും ചെയ്യും.

## FILIAL PIETY

### സ്നേഹമുള്ള പുത്രൻ

അഫ്രിക്ക ഖണ്ഡത്തിന്റെ പടിഞ്ഞാറെ കരയിൽ പാക്കുന്ന ഒരു കാഫ്രി വല്ല സംഗതിയാൽ ഒരു ധനവാനു കടമ്പെട്ടിട്ടു, അതിനെ വീട്ടു വാൻ ഒരു വഴിയും കണ്ടില്ല. അതുകൊണ്ടു അവൻ ആ മുതലാളിയുടെ വീട്ടിൽ ചെന്നു: നിങ്ങൾക്കു കടമ്പെട്ടതിനെ വീട്ടുവാൻ എന്നാൽ കഴിക യില്ല, ഈ തടി അല്ലാതെ എനിക്കു ഒരു വസ്തുവുമില്ല, ഇതിനെ നിങ്ങൾ വിറ്റു, പണമാക്കി എന്റെ കടത്തിനു എടുക്കാമല്ലൊ. എന്നു പറ ഞ്ഞതു കഠിന മനസ്സുകാരനായ മുതലാളി കേട്ടു കോപിച്ചു, അവനോട്ടു കൂടെ ദേനരുടെ സമീപത്തുള്ള കോട്ടയിൽ ചെന്നു, ഒർ അടിമവ്യാപാരിക്കു വിറ്റു, പണം വാങ്ങിപ്പോകയും ചെയ്തു. വ്യാപാരി കാഫ്രിയെ ചങ്ങല യിലാക്കി അടിമകളുടെ കൂട്ടത്തിൽ ചേൎത്തു വെസ്തിന്ത്യയിലേക്കു ഓടുവാൻ ഒരുങ്ങിയിരിക്കുന്ന ഒരു കപ്പലിൽ കയറ്റി പാൎപ്പിച്ചു. കപ്പൽ തുറമുഖ ത്തെ വിട്ടു പോകും മുമ്പെ, കാഫ്രിയുടെ മകനായ ഒരു ബാല്യക്കാരൻ അ തിൽ ഏറി ചെന്നു, അഛ്ശനെ കണ്ടു സല്ക്കാര വാക്കുകൾ എല്ലാം അന്യോ ന്യം പറഞ്ഞ ശേഷം, മകൻ: അഛ്ശാ, ദേശമൎയ്യാദ പ്രകാരം മക്കളെ വി റ്റിട്ടു കടം വീട്ടാഞ്ഞതു എന്തു? എന്നു ചോദിച്ചതിന്നു കാഫ്രി: ഞാൻ അതു ഒരു നാളും ചെയ്കയില്ല, എന്റെ കടം എന്റെ ദേഹം കൊണ്ടു തന്നെ ഞാൻ വീട്ടും, എന്നു പറഞ്ഞു. അപ്പോൾ ആ നല്ല പുത്രൻ: അതിനെ ഞാൻ ഒരു നാളും സമ്മതിക്കയില്ല, നിങ്ങളുടെ ബതലായി ഞാൻ ഇവിടെ അടിമയായിരിക്കയും, നിങ്ങൾ സൌഖ്യത്തോടെ നാട്ടിലേക്കു മടങ്ങി പോകയും ചെയ്യും, എന്നു വളരെ സ്നേഹമുള്ള വാക്കുകളും ഭാവ ങ്ങളും കൊണ്ടു അഛ്ശനെ നിൎബ്ബന്ധിച്ചാറെയും, അവൻ സമ്മതിച്ചില്ല. അതുകൊണ്ടു മകൻ അടിമവ്യാപാരിയുടെ അടുക്കൽ ചെന്നു: എന്റെ അപ്പൻ ബലഹീനനായ ഒരു കിഴവനത്രെ. അവനെ കൊണ്ടു നിങ്ങൾക്കു വളരെ ഉപകാരം ഉണ്ടാകയില്ല, ഞാൻ ശക്തിയുള്ള ബാല്യക്കാരനാക കൊണ്ടു എന്നെ വിറ്റാൽ നല്ല വില കിട്ടുമല്ലൊ. ആകയാൽ എന്റെ അപ്പന്റെ ബതലായി എന്നെ അടിമയാക്കിക്കൊള്ളേണം, എന്നു അ പേക്ഷിച്ചു. ഈ കാൎയ്യം അടിമവ്യാപാരിക്കു നല്ലതു, എന്നു തോന്നി, അപ്പന്റെ ചങ്ങല അഴിച്ചു പുത്രനിൽ ആക്കി, അവനെ അടിമകളു ടെ കൂട്ടത്തിൽ ചേൎത്തു. എന്നാറെ ആ കാഫി വളരെ സങ്കടപ്പെട്ടു കര ഞ്ഞും കൊണ്ടു കപ്പലിൽനിന്നു കിഴിഞ്ഞു. ഈ കാൎയ്യത്തെ അന്നു കപ്പ ലിൽ വന്നിരുന്ന ഒരു വൈദ്യൻ കണ്ടു, കരെക്കു ഇറങ്ങിയപ്പോൾ ഉടനെ ദേനരുടെ ദേശാധിപതിയോട്ടു അറിയിച്ചു. ആ ഗുണവാൻ ആ ദിവസ ത്തിൽ തന്നെ അടിമ വ്യാപാരിയെ വരുത്തി, ആ നല്ല പുത്രനെ അവ നോട്ടു വിലെക്കു വാങ്ങി, അഛ്ശനെയും വരുത്തി പുത്രനെ ഏല്പിച്ചു, ഇരു വരെയും സന്തോഷത്തോടെ തങ്ങളുടെ നാട്ടിലേക്കു മടക്കി അയക്കുക യും ചെയ്തു.

## HISTORY OF THE BRITISH EMPIRE

## ഇംഗ്ലിഷ ചരിത്രം

(Continued from No. 2, page 25.)

മുമ്പേത്ത രാജാവിന്റെ പുത്രനായ അഞ്ചാം ഹെന്രി രാജാധിപത്യം പ്രാപിച്ചതു നിമിത്തം, ജനങ്ങൾ വളരെ സന്തോഷിച്ചു. ബാല്യകാല ത്തിൽ അവൻ ഏറിയോരു നിൎമ്മൎയ്യാദകളെയും ബുദ്ധികുറവുകളെയും പ്രവൃത്തിച്ചിരുന്നു, എങ്കിലും പോൎക്കളങ്ങളിൽനിന്നു കാട്ടിയ വീൎയ്യവും യു ദ്ധവൈഭവവും ഓൎത്താൽ, അവന്റെ വാഴ്ച വക്രിയകളും സല്കീൎത്തിയും കൊണ്ടു വിളങ്ങും, എന്നു ഊഹിപ്പാൻ സംഗതി ഉണ്ടായിരുന്നു. അങ്ങി നെ ഊഹിച്ചതു യഥാൎത്ഥമായി വന്നു താനും. അവൻ രാജാവായ ഉടനെ അല്പമതികളും ദുസ്സാമൎത്ഥ്യക്കാരുമായ തോഴരെ വിട്ടു, അഛ്ശന്റെ മൂപ്പും സുബുദ്ധിയുമുള്ള മന്ത്രികളുടെ ആലോചന കേട്ടനുസരിച്ചു. അവനെ കൊണ്ടു പറയുന്ന എല്ലാ ദുൎന്നയങ്ങളും നേരോ എന്നു അറിയുന്നില്ല, എങ്കിലും വേത്സപ്രഭുവായിരിക്കുന്ന സമയത്തോളം അവൻ അനുസരണ ക്കേടുള്ള മകനും, വേണ്ടാതനം പലതും പ്രവൃത്തിക്കുന്നവനുമായിരുന്നതു സത്യം തന്നെ. രാജാസനം ഏറിയ ശേഷമോ, അവൻ ആ മഹിമയുള്ള സ്ഥാനത്തിനു യോഗ്യമായ ക്രിയകളെയും അടക്കത്തെയും കാട്ടിത്തുടങ്ങി.

അവൻ രാജ്യം പ്രാപിച്ച ഉടനെ, അഛ്ശൻ കൊല്ലിച്ച രാജാവായ രണ്ടാം രിചാൎദ തനിക്കു ചെറുപ്പത്തിൽ കാട്ടിയ ദയയെ ഓൎത്തു, അവ ന്റെ ഉടലിനെ എടുത്തു, ബഹു ഘോഷത്തോടും രാജചിഹ്നങ്ങളൊടും കൂടെ വസ്തമിൻസ്തർ, എന്ന പള്ളിയിലേക്കു കൊണ്ടു പോയി, രാജാക്കന്മാ രുടെ കല്ലറകളുടെ ഇടയിൽ അടക്കി വെച്ചു. രാജമുടിയുടെ ന്യായമുള്ള അവകാശി മാൎച്ചപ്രഭു തന്നെ, എന്നു അവൻ സമ്മതിച്ചു, അദ്ദേഹത്തെ കോവിലകത്തു വിളിപ്പിച്ചു, വളരെ മാനിച്ചതു നിമിത്തം, ആ പ്രഭു എല്ലാ അസൂയയും തൎക്കവും വിട്ടു പുതിയ രാജാവിന്റെ സ്നേഹിതനും വിശ്വ സ്തരായ സേവകരിൽ മുഖ്യനുമായി തീൎന്നു.

അഞ്ചാം ഹെന്രിയുടെ വാഴ്ചെക്കു കീൎത്തിയെ വരുത്തിയതു പരന്ത്രീസ്സു യുദ്ധം തന്നെ. അന്നു പരന്ത്രീസ്സു രാജ്യത്തിന്റെ അവസ്ഥ ബഹു സങ്കടം. രാജാവു ഒരു ദീനക്കാരൻ, ദീനം വിഷമിച്ച സമയങ്ങളിൽ അവൻ ഏക ദേശം പൊട്ടന്റെ ചേലായി, രാജ്യവേല ഒന്നും നടത്തിപ്പാൻ കഴിയാതെ ഇരുന്നു. പ്രജകൾ രണ്ടു കൂറുകളായി പിരിഞ്ഞു. ഒരു പക്ഷം ബുൎഗ്ഗുണ്ടി യ തമ്പുരാനെ (Prince of Burgundi) തലവനാക്കി, രാജാവു വലഞ്ഞു കിടക്കുന്തോറും സാഹസം ചെയ്തു രാജ്യാധിപത്യം ഏല്ക്കേണ്ടതിനു ഉത്സാ ഹിപ്പിച്ചു. മറ്റെ പക്ഷം ഒല്യാന്സ തമ്പുരാനെ (Prince of Orleans) ആദരിച്ചു, രാജാവായി വാഴിപ്പാൻ നോക്കി. അവർ ബഹു കാലം മഹാ കൈപ്പോടെ കലമ്പിയ ശേഷം, ബുൎഗ്ഗുണ്ടിയൻ: കലഹം മതി, സമാധാ നം വേ

ണം, എന്നു ചൊല്ലി ഒല്യാന്സ തമ്പുരാനുമായി വ്യാജമുള്ള സഖ്യ ത കെട്ടി, അവനെ പരിസി നഗരത്തെരുവിൽനിന്നു ഒരു കുലപാതക ന്റെ കൈയ്യാൽ കൊല്ലിച്ചു. ഈ വല്ലാത ചതി നിമിത്തം കലഹം ഏ റ്റവും വദ്ധിച്ചു, ജാതി മുഴുവനും രണ്ടായി പിരിഞ്ഞു, ഒർ ഓഹരി ബുഗ്ഗു ണ്ടിയനോടും, മറ്റെ അംശം കൊല്ലപ്പെട്ട ഒല്യാന്സ തമ്പുരാന്റെ മക നോടും ചേൎന്നു പോയി.

ഈ ഛിദ്രങ്ങൾ കൊണ്ടു ഉപകരിക്കേണം എന്നു ഇംഗ്ലിഷ് രാജാവു നിശ്ചയിച്ചു, മൂന്നാം എദ്വദ് മുമ്പെ പരന്ത്രീസ്സു രാജ്യാവകാശത്തിന്നായി തുടങ്ങിയ വാദം പുതുക്കി. പരന്ത്രീസ്സുകാർ ആ തക്കത്തെ ഒത്തു തീപ്പ്തി ന വട്ടം കൂട്ടിയപ്പോൾ,ഹെന്റ്രി ചോദിച്ചതു അവൎക്കു ബോധിക്കായ്കയാൽ, ആ വക ആലോചന പൊളിഞ്ഞു പോയി. എന്നാറെ ഒരു വലിയ ഇംഗ്ലിഷ് സൈന്യം സൌഥ്ഹബ്തൊൻ (Southampton) എന്ന തുറമുഖ ത്തു കൂടി അനേകർ പടനായകരും പടയാളികളും പുരാണ ജാതിവൈ രിക്കു വിരോധമായി നല്ല പോർ ഉണ്ടാകും, എന്നു വെച്ചു രാജാവിന്റെ കൊടിയോടു ചേൎന്നു വന്നു. അങ്ങിനെ ഇരിക്കുമ്പോൾ കെമ്പ്രിച്ച പ്രഭുവും (Earl of Cambridge) മറ്റും ചില ആയ്യന്മാരും കൂടി നിരൂപിച്ചു, രാജാവിനെ പിഴുക്കി മാച്ചപ്രഭുവിനെ രാജാവാക്കി വാഴിപ്പാൻ ഒരു കൂട്ടുകെട്ടുണ്ടാക്കി, എങ്കിലും അവരുടെ ഈ തൊഴിൽ വെളിച്ചത്തു വരികയാൽ, അതിലെ പ്രധാനികൾ മരണശിക്ഷ അനുഭവിച്ചു. (1415) മാച്ച പ്രഭുവിനു ഈ മത്സരപ്രവൃത്തിയിൽ കൈകാര്യം ഇല്ല താനും. എന്നതിന്റെ ശേ ഷം രാജാവു സൈന്യവുമായി കപ്പലേറി, പരന്ത്രീസ്സാമാറു ഓടിത്തുടങ്ങി. ഇങ്ങിനെ തുടങ്ങിയ യുദ്ധത്തിനു ഒരു ന്യായവുമില്ല, എങ്കിലും സംപൂണ്ണ ന്യായം ഉണ്ടു, എന്നു രാജാവു മതിച്ചിരുന്നു.

പിന്നെ അവൻ പരന്ത്രീസ്സിൽ എത്തി ഹഫ്ലേർ (Harfleur) എന്ന തുറമുഖത്തു കരെക്കിറങ്ങി. ആ നഗരത്തെ നിരോധിച്ചു. ആ നിരോധം ബലമുള്ളതും വിരോധം പരാക്രമമുള്ളതുമത്രെ, എങ്കിലും കാവല്പട്ടാളത്തി ന അന്യസഹായമില്ലായ്കയാൽ, അവർ നഗരത്തെ ഏല്പിക്കേണ്ടിവന്നു. ഇംഗ്ലിഷ സൈന്യം ഹഫ്ലേരിന്റെ മുമ്പിൽ പാളയം ഇറങ്ങിയിരുന്ന പ്പൊൾ, ഒരു ദുവ്യാധി അവരുടെ ഇടയിൽ ഇളകിയതു കൊണ്ടു, രാജാവിനു ഈ ജയത്താൽ ഒർ ഉപകാരവും വന്നില്ല. ഗണങ്ങൾ വളരെ കുറഞ്ഞു പോകുന്നതിനാൽ, രാജ്യത്തിൽ പ്രവേശിക്കാതെ, ഇംഗ്ലന്തിലേക്കു തന്നെ മടങ്ങുക വേണ്ടു, എന്നു അവൻ കണ്ടു, എങ്കിലും വന്ന വഴിയായി തിരിച്ചു പോകുന്നതു മാനത്തിനു പോരാ, എന്നു നിശ്ചയിച്ചു, ഏകദേശം നൂറു നാഴിക ദൂരമുള്ള കല്ലായിലേക്കു ചെന്നു, അവിടെനിന്നു കപ്പലേറി പോ കാം, വഴിക്കൽ വെച്ചു ശത്രുഗണം എതിരിട്ടു വന്നാൽ, എന്റെ വീരന്മാ രെകൊണ്ടു ജയിക്കാതിരിക്കയില്ല, എന്നു പറഞ്ഞു യാത്രയായി.

അവൻ ഒരു വിഘ്നവും കൂടാതെ കുറെ ദൂരം എത്തിയപ്പോൾ പരന്ത്രീ സ്സിന്റെ ധീ

രന്മാരായ വീരന്മാർ എല്ലാവരും കൂട്ടം കൂടി, അവനോടു പട യേല്ക്കുവാൻ ഒരുങ്ങി നിന്നു. മൂന്നാം രിചാർദ് മുമ്പെ സോം നദിയെ കടന്ന പോയ കടവിൽ കൂടി തനിക്കും കടക്കാം, എന്ന അവൻ വിചാരിച്ചു, എ ങ്കിലും അവിടെ എത്തിയപ്പൊൾ, ശത്രു എല്ലാ കടവുകളെയും പാലങ്ങ ളെയും പിടിച്ചും ഉറപ്പിച്ചുമിരിക്കുന്നു, എന്നു കണ്ടു. വഴി മുട്ടിപ്പോയല്ലൊ എന്നാൽ പുഴയുടെ ഉറവിനെ ചുറ്റിവരേണം, എന്നു നിശ്ചയിച്ചു മു ന്നോട്ടു ചെന്നാറെ, ശത്രു ഉറപ്പിച്ചിട്ടില്ലാത്ത ഒരു കടവിനെ കണ്ടു സൈന്യം കടത്തിക്കയും ചെയ. പരന്ത്രീസ്സ സൈന്യത്തിന്റെ സമീപത്തു എത്തിയാറെ: അതിന്റെ സംഖ്യ ഒരു ലക്ഷത്തിൽ അധികം, നായക ന്മാർ പരന്ത്രീസ്സിന്റെ മഹാസാമത്ഥ്യവും പരാക്രമവുമുള്ള യോദ്ധാക്കൾ, താൻ കല്ലായിക്കു പോകേണ്ടുന്ന വഴിക്കൽ തന്നെ അവർ പാളയം ഇറ ങ്ങിയിരിക്കുന്നു, എന്നു അവൻ കണ്ടു . എന്നാൽ എന്തു വേണ്ടു? ശങ്കവിട്ടു ശത്രുഗണങ്ങളെ ചെറുത്തു നില്ക്കുക തന്നെ നല്ലു, എന്നു നിശ്ചയിച്ച, 1415 ഒക്ടോബർ 24ാം നു വൈകുന്നേരത്തു അശിങ്കർ, എന്ന സ്ഥലത്തു ശത്രു വിന്റെ അടുക്കെ പാളയം ഇറങ്ങിപ്പാൎത്തു. അന്നു രാത്രിയിൽ പരന്ത്രീസ്സ പാളയം സന്തോഷരവങ്ങളാലും പല ഗാനങ്ങളാലും മുഴങ്ങി, എങ്കിലും ഇംഗ്ലിഷ്കാർ: നാളെത്ത ദിവസത്തിൽ ജയിക്കയോ, മരിക്കയോ ഉള്ളു, എ ന്നറിഞ്ഞു അനങ്ങാതെ പാൎത്തു.

പുലരുമ്പോൾ ഇരുപക്ഷസേനകൾ പടെക്കു ഒരുങ്ങി. പരന്ത്രീസ്സ നായകന്മാർ തങ്ങളുടെ സൈന്യത്തെ മൂന്നായി പകുത്തു അണിയായി നിൎത്തി. ഇംഗ്ലിഷ്കാർ തിങ്ങിയ കൂട്ടമായി നിന്നു. അവരുടെ ഇരുഭാഗങ്ങ ളിലും വലിയ മരക്കാലുകൾ ഉണ്ടാകകൊണ്ടു, ശത്രുവിനു അവരുടെ മുൻ ഭാഗത്തെ മാത്രം അതിക്രമിപ്പാൻ കഴിയും. പിൻഭാഗത്തുള്ളൊരു ചെ റിയ ഗ്രാമത്തിൽ അവർ തങ്ങളുടെ കുതിരകളെയും കോപ്പുകളെയും വെ ച്ചിരുന്നു. പടെക്കു ഒരുങ്ങിയാറെ ഹെന്റ്രി രാജവസ്ത്രം ഉടുത്തും, രത്നമണി കളും പൊന്മാലകളുംകൊണ്ടു അലങ്കരിച്ച തലക്കോരികയും ഇട്ടും കൊണ്ടു ഒരു വെള്ളകുതിരപ്പുറത്തു കയറി, അണിതോറും ചെന്നു സരസവാക്കു കൾ ചൊല്ലി എല്ലാവരെയും ധൈൎയ്യപ്പെടുത്തി.

ഇംഗ്ലിഷ്രാജാവു തന്റെ ഉറപ്പുള്ള നിലയെ വിടുവാൻ മനസ്സില്ലാ യ്മകൊണ്ടും, പരന്ത്രീസ്സ നായകന്മാർ അതിനെ ആക്രമിക്കാൻ ശങ്കിച്ചതു കൊണ്ടും ഇരുസേനകളും അല്പ നേരം അനങ്ങാതെ നിന്നു. അങ്ങിനെ ഇരിക്കുമ്പോൾ ഹെന്റ്രി ഒർ ഉപായം വിചാരിച്ചു, സൈന്യത്തിന്റെ ഒരു ചെറിയ പകുതിയെ മുന്നോട്ടു നടത്തിച്ചു. അതിനെ പരന്ത്രീസ്സകാർ കണ്ടു സന്തോഷിച്ചു, അതാ അവർ വരുന്നു, എന്നു ചൊല്ലി പോരിനു അണഞ്ഞപ്പോൾ, ഇംഗ്ലിഷ്കാരുടെ ആ ചെറു കൂട്ടം മെല്ല മെല്ലവെ പിൻവാങ്ങി, മുമ്പെത്ത നിലയെ പ്രാപിച്ചാറെ, പരന്ത്രീസ്സ നായകന്മാർ തങ്ങ ളുടെ യുദ്ധതല്പരന്മാരായ ഗണങ്ങളെ നിൎത്തുവാൻ വഹിയാതെ ആയി. ഇംഗ്ലിഷ്കാരോ

കൈക്കൽ പിടിച്ചിരിക്കുന്ന മരക്കുറ്റികളെ നിലത്തു തറച്ചു അവറ്റിൻ പിമ്പിൽനിന്നു എതിരിട്ട പാഞ്ഞു വരുന്ന ശത്രുക്കളെ നോ ക്കിപ്പാർത്തു. പരന്ത്രീസ്സകാർ ഈ അതിരോളം എത്തി, അതിലൂടെ കടന്നു പോകുവാൻ ശ്രമിച്ചു എങ്കിലും, അവരുടെ കുതിരകൾ മരക്കുറ്റികൾ ത റച്ചു മുറിവേല്ക്കയും ചാകയും ചെയ്ത സമയത്തിൽ ഇംഗ്ലിഷ് വില്ലാളികൾ അവരുടെ കമ്പിതമായ അണികളെ ലാക്കാക്കി ബഹു അസ്ത്രവൃന്ദങ്ങളെ അവരുടെ മേൽ വൎഷിച്ചു. പരന്ത്രീസ്സകാർ ഇളകി, എങ്കിലും പടയെ പി ന്നെയും പിന്നെയും ഉറപ്പിച്ചു മുന്നോട്ടു ചെല്ലുന്തോറും അതു മരക്കുറ്റി കളാലും നാശകരമായ ഇംഗ്ലിഷ്ക്കാരുടെ ശരവൎഷത്താലും പൊളിഞ്ഞു പോയി. പോരിന്നു ഒരു ദിക്കും ഒരു മാതിരിയും മാത്രം ഉണ്ടായിരുന്നതു കൊണ്ടു, പരന്ത്രീസ്സകാൎക്കു തങ്ങളുടെ ബഹു കൂട്ടങ്ങൾകൊണ്ടു ഒരുപകാ രവും ഉണ്ടായിരുന്നില്ല.

ഹെന്റ്രി വിടാതെ കഠിനപ്പോരിൽനിന്നു തന്നെ പൊരുതും. ഒരു സമയം എട്ടു പരന്ത്രീസ്സ വീരന്മാരും കൂടി, ഇംഗ്ലിഷ രാജാവിനെ മാത്രം ലാക്കാ ക്കി പൊരുതും കൊണ്ടു അവന്റെ ചുഴവെ നിന്നു, അവനെ വെട്ടിക്കൊ ല്ലുവാൻ നോക്കിയപ്പൊൾ, ദാവിദ് ഗാം എന്ന ഒരു വേത്സ്കാരനും, അവ ന്റെ നാട്ടുകാരായ ഇരുപേരും കൂടി അവന്റെ സഹായത്തിന്നു ചെന്നു, തങ്ങളുടെ രാജാവിനെ രക്ഷിപ്പാൻ വേണ്ടി ജീവനെ കളഞ്ഞു. ഇങ്ങിനെ യുള്ള വിശ്വസ്തതനിമിത്തം അവർ തിരുമുമ്പിൽ മരിപ്പാറായി കിടന്ന പ്പോൾ, രാജാവു മൂവൎക്കും വീരസ്ഥാനനാമങ്ങളെ കൊടുത്തു. എന്നതി ന്റെ ശേഷം പരന്ത്രീസ്സകളുടെ ഒന്നാം പകുതി ഇളകി, പൊരിൽനിന്നു മണ്ടിപ്പോകുന്നതിനെ ജയ സന്തുഷ്ടരായ ഇംഗ്ലിഷ്ക്കാർ കണ്ടു, അവരുടെ വഴിയെ പായുകയാൽ ശത്രുവിന്റെ രണ്ടാം പകുതിയോടു പോർ ഏല്ക്കേ ണ്ടിവന്നു. അപ്പോൾ ഉണ്ടായ കലഹത്തെ വിവരിപ്പാൻ വാക്കു പോരാ. അവിടെ പട്ടുപോയവർ ഒരാൾ ഉയരത്തോളം കുന്നിച്ചു കിടന്നു. ആ ഭയ ങ്കരമുള്ള മതിലിന്റെ പിൻഭാഗത്തു ഇംഗ്ലിഷ് വില്ലാളികൾ നിന്നു, വിടാ തെ എയ്തു കൊണ്ടിരുന്നു. അത്രോളം തഞ്ചം നോക്കി പാൎത്തിരിക്കുന്ന ഒരു ഇംഗ്ലിഷ് കുതിരപ്പട്ടാളം ഒരു ക്ഷണം കൊണ്ടു പോരിന്നു അണഞ്ഞു, ശത്രുക്കളുടെ മേൽ വീഴുമ്പോൾ, അവർ ഒക്കത്തക്ക മണ്ടിത്തുടങ്ങി.

ജൈത്രന്മാർ ഭയങ്കര പടവെട്ടലിനാൽ തളൎന്നതു നിമിത്തം പായുന്ന ശത്രുഗണങ്ങളെ പിന്തുടരുവാൻ കഴികയില്ല, എങ്കിലും പരന്ത്രീസ്സ സൈ ന്യം ഛിന്നാഭിന്നമായി, കല്ലായിക്കു പോകുന്ന വഴിയെ ഒഴിച്ചു കൊടുത്തതു കൊണ്ടു, അവരെ പിന്തുടരുവാൻ ആവശ്യവുമില്ല. പൊരിൽനിന്നു പിടി ക്കപ്പെട്ട തടവുകാർ അസംഖ്യം ആകകൊണ്ടു, അവരെ കാപ്പാൻ പ്രയാ സം, എങ്കിലും എല്ലാവരെയും ജീവനോടെ രക്ഷിക്കേണം, എന്നു രാജാവു കല്പിച്ചു. എന്നാറെ സൈന്യത്തിന്നു കുറെ സ്വസ്ഥത വേണം എന്നു ഹെന്റ്രി കണ്ടു, ചില ദിവസം പോൎക്കളത്തിൽ തന്നെ താമസിച്ചു. പി ന്നെ അവൻ കല്ലായിക്കാമാറു പുറപ്പെട്ടു, ഒരു വിഘ്നവും കൂടാതെ അവി ടെ

എത്തി, അല്പ നേരം പാൎത്താറെ സൈന്യവുമായി കപ്പലേറി ഓടി സന്തോഷ ത്തോടെ രാജധാനിയായ ലൊണ്ടനിൽ എത്തി, രണ്ടു സംവ ത്സരത്തോളം അന ങ്ങാതെ പാൎക്കയും ചെയ്തു. (To be continued.)

## THE KING AND HIS SECRETARY

### രാജാവും അവന്റെ രായസക്കാരനും

ഇംഗ്ലാന്തിലെ രാജാവായ ഒന്നാം ചേമ്സ ഒരു ദിവസം ചില സാരമു ള്ള എഴുത്തു കളെ ഇന്ന സ്ഥലത്തു സൂക്ഷിച്ചു വെച്ചു, എന്നു വിചാരിച്ചിരുന്നു, എങ്കിലും അവിടെ നോക്കിയപ്പോൾ എഴുത്തുകൾ ഇല്ല, എന്നു ക ണ്ടു, എത്രയും വിശ്വസ്തനായ തന്റെ രായസക്കാരനോടു: എഴുത്തുകൾ നിങ്ങൾ എടുത്തോ? എന്നു ചോദിച്ചപ്പോൾ, ആയവൻ എടുത്തില്ല, എ ഴുത്തുകളെ കണ്ടതുമില്ല എന്നു പറഞ്ഞു. എന്നാറെ രാ ജാവു വളരെ കോ പിച്ചു: നിങ്ങൾക്കു കാൎയ്യവിചാരവും വിശ്വസ്തതയും പോരാ, എന്നു കുറ്റം ചുമത്തിത്തുടങ്ങിയപ്പോൾ, ഭൃത്യൻ രാജാവിന്റെ മുമ്പിൽ മുട്ടുകുത്തി: ഹാ മഹാരാജാവേ, ഇങ്ങിനെ അരുളിചെയ്യരുതേ, എഴുത്തുകളെകൊണ്ടു ഞാൻ ഒരു വസ്തുവും അറിയുന്നില്ല സത്യം, എന്നു പറഞ്ഞതു കേട്ടു രാജാ വു അതിക്രുദ്ധ നായി, അവനെ ഒരു ചവിട്ടുകൊണ്ടു ഉന്തിക്കളഞ്ഞു, അ പ്പോൾ രായസക്കാരൻ എഴുനീറ്റു: മഹാരാജാവേ, ഇത്ര വലിയ ശിക്ഷ അനുഭവിപ്പതിനായി ഞാൻ ഒരു കുറവും ചെയ്തപ്രകാരം എനിക്കു തോ ന്നുന്നില്ല. എന്നാൽ മതി, തിരുസേവക്കായി ഞാൻ ഇനി പറ്റാത്തവൻ, എന്നു ചൊല്ലി വണക്കത്തോടെ വിട വാങ്ങി, അപ്പോൾ തന്നെ കോവി ലകം വിട്ടു പോന്നു. അവൻ പോയ ഉടനെ രാജാവു എഴുത്തുകളെ കണ്ടു. ഭൃത്യന്റെ നേരെ ഞാൻ വലിയ അന്യായം ചെയ്തുവല്ലൊ, എന്നു നിനെ ച്ചു, അവനെ ക്ഷണത്തിൽ മടങ്ങി കൊണ്ടു വരുവാനായി ആൾ അയച്ചു: അവൻ പ്ര യാസത്തോടെ മടങ്ങി വന്നു തിരുമുമ്പിൽ എത്തിയപ്പോൾ, രാജാവു ഭൃത്യനായവ ന്റെ മുമ്പിൽ മുട്ടുകുത്തി: ക്ഷമിച്ചിരിക്കുന്നു, എന്നു നിങ്ങൾ പറയുവോളം എഴുനീ ല്ക്കയില്ല, ഭക്ഷിക്കയും കുടിക്കയുമില്ല, എന്നു പറഞ്ഞു. രാജാവിന്റെ ഈ താഴ്മയെ രായസക്കാരൻ കണ്ടു, വളരെ വ്യ സനിച്ചു ക്ഷമിച്ചിരിക്കുന്നു, എന്ന വാക്കു മഹാ രാജാവു എന്നെ പറയിക്ക രുതെ, എന്നു അപേക്ഷിച്ചു, എങ്കിലും ആ വാക്കിനെ ഭൃത്യന്റെ വായിൽ നിന്നു കേട്ടതിന്റെ ശേഷം മാത്രം, രാജാവു നിലത്തുനിന്നു എഴു നീല്ക്കയും ചെയ്തു.

## SUMMARY OF NEWS

### വൎത്തമാനച്ചുരുക്കം

ആസ്യ Asia ഭാരതഖണ്ഡം India.

മദ്രാശിസംസ്ഥാനം. — പഞ്ചം പിടിച്ച പിടിച്ച അതാത ജില്ലകളിൽ മറാമത്തു പണി എടു ക്കുന്നവരുടെ തുക ആവിതു:-

ജനുവരി 2 നു 16 നു 23 നു 30 നു

ബല്ലാരി 3,79,500 4,46,100 3,93,400 3,77,147

കൎന്നൂൽ 2,45,828 3,11,625 3,00,939 2,18,832

കടപ്പ 1,69,879 1,96,479 2,10,969 1,70,734

ചേലം 58,580 17,300 31,250 32,800

വടആൎക്കാടു 37,754 21,263 23,023 22,235

ചെങ്കൽപേട്ട 64,663 81,347 21,000 12, 091

നെല്ലൂർ 44,364 72,703 76,996 72,435

കോയമ്പത്തൂർ 11,611 18,368 27,526 28,518

തെരുനെൽവേലി. 7,198 9,574 9,272 22, 793

മധുര 8,664 6,724 7,410 7,305

തിരുച്ചിറാപ്പള്ളി 6, 787 1,656 10,760 1,795

തഞ്ചാവൂർ 2,800 — — —

കൃഷ്ണ 3,480 4,354 3,995 4,338

മലയാളം 102 1,741 1,796 1,959

10,41,810 11,89,234 11,18,336 972,976

ദിസെമ്പ്ര 26ാം നു തൊട്ടു ജനുവരി 2ാംനു വരെ 64,000 പേരെ അധികം ചേ꞉ ക്കേണ്ടി വ ന്നതല്ലാതെ ഏകദേശം 40,00,000 രൂ. കല്പിച്ച പണികൾക്കും വെ റും ധൎമ്മത്തിന്നും ചെലവാ ക്കിയിരിക്കുന്നു. പഞ്ചം തീരുവാളം 3,50,00,000 രൂ. അല്ലെങ്കിൽ സംസ്ഥാനത്തിന്നു കൊല്ലം ഒ ന്നിൽ മതിക്കുന്ന വരുമാനത്തി ന്റെ നേർ പാ തിയോളം ചെലവറുക്കേണ്ടി വരും എന്നൂഹി ക്കുന്നു.

ചെന്നപട്ടണത്തിൽ ചുങ്കം തുടങ്ങി കോട്ട വരെക്കും പെയ്യാപ്പുരകളിൽ അരി കൂട്ടി വെ ച്ചിരിക്കുന്നു. എന്നാൽ സ്ഥലം പോരായ്കയാൽ ദീപസ്തംഭത്തിന്നടുത്ത മൈതാ നത്തിലും നെടു മ്പുരകളെ കെട്ടുവാൻ പോകുന്നു.

ബല്ലാരി, നെല്ലൂർ ജില്ലകളിൽ കിണറുകൾ വറ്റിപ്പോകുന്നു. വടക്കെ ആൎക്കാട്ടിൽ മേച്ച ൽ കുറയുകയും പുഴ, തോടു, കിണറുകൾ വറ്റി പ്പോകയും ചെയ്യുന്നതിനാൽ കന്നുകാലികൾ ചാ കുന്നു. കടപ്പയിൽ വസന്തരോഗം പെരുകുന്ന തിനാൽ കന്നു കാലികൾ അധികം തീൎന്നു പോ കുന്നു.

അല്പമായ വിളവു കൂടാതെ പരദേശത്തുനി ന്നു ധാന്യങ്ങളെ കൊണ്ടുവന്നതിനാൽ ഓരോ ധാന്യങ്ങളുടെ വില താണുപോയി (ജനുവെ രി 26 നു ) അതോ ചേല ത്തിൽ നൂറ്റിനു 25 പ്രകാരവും കടപ്പ. ചെങ്കല്പേട്ട, വടആക്കാട്ടു, മധുര എന്ന ജില്ല കളിൽ നൂറ്റിന്നു 6 പ്രകാര വും ചോളം മധുരയിൽ ഒഴികെ ശേഷം ജില്ല കളിലും മുത്താറി കൃഷ്ണ നെല്ലൂർ ജില്ലകളെ കഴിച്ച മറ്റെല്ലാ ജില്ലകളിലും വില അല്പം സ ഹാ യത്തോടു വിറ്റു വരുന്നു.
ക്ഷാമം പിടിച്ച ജില്ലകളിൽ കൂടക്കൂടെ അ വിടവിടെ ആളുകൾ വിശപ്പിനാൽ മരി ച്ചു പോകുന്നു എന്നു കേൾക്കുന്നു.
കോയ്മ വിടുവിച്ച ഓരോ കിഴവന്മാരായ കുറ്റക്കാർ തങ്ങൾക്കു നാൾ പടിക്കു വക യില്ലാ യ്കയാൽ അടുത്തൂൺ കല്പിച്ചു കൊടുക്കേണം എന്നു അപേക്ഷിച്ചിരിക്കുന്നു.
ചിലകുറ്റക്കാ രൊ തങ്ങളെ തടവിൽ ആക്കേണ്ടതിന്നു ഓ രോ ദോഷങ്ങളെ പ്രവൃ ത്തിച്ചിരിക്കുന്നു.
മേട്ടു പാളയത്തു തലത്തട്ടിദീനം അധികം നാളായി ബാധിച്ചിരിക്കുന്നു.
മലയാളത്തിൽ അവിടവിടെ കരുവൻ, മസൂരി, പലവക വയറ്റുപോക്കു തുടങ്ങി യി രിക്കുന്നു.
ബൊംബായി.- ചിലകള്ളക്കോയ്മഹു ണ്ടികയും ൧൦൦൦രുപ്പികയുള്ള ഹുണ്ടികക്കട ലാ സ്സ കോരി എടുക്കുന്ന പെട്ടിയും അതിനെ അ ടിക്കുന്ന അച്ചും വിലാത്തി ഭാ രതഖണ്ഡങ്ങളിൽ നടപ്പായ പല പൊൻ നാണ്യങ്ങളുടെ അച്ചു കളും പൊൻ പൊ തിഞ്ഞു ചെമ്പുകൊണ്ടുണ്ടാ ക്കിയ ൨ മൊഹ്റും എന്നിവ ബൊംബായിലേ പോലീ സ്സിന്റെ കൈയിൽ അകപ്പെട്ടിരിക്കു ന്നു. ഹുണ്ടികക്കടലാസ്സു കോരുന്ന പെട്ടിയടി ലേ നീക്കുറിയുടെ (water-mark) പണിയും ഹുണ്ടിക അച്ചിന്റെ എഴുത്തു പണിയും എത്ര യും സൂക്ഷ്മയുക്തികളോടു ഉണ്ടാക്കിയിരുന്നു. ഈ ദോഷത്തിൽ അകപ്പെട്ട ൫ പേരെയും പി ടികിട്ടിയിരിക്കുന്നു.
ഷോലാപൂരിൽ ഇതിന്നിടെ ൮൦൦൦ പേർ ചാവാറായ പ്രകാർത്തിൽ എത്തീട്ടുണ്ടാ യിരുന്നു.
ബൊംബായിൽ അവിടവിടെ ഛർദ്ദ്യതി സാരത്താൽ ചിലർ മരിച്ചു ഇതിന്നിടെ ഉണ്ടാ യ മഴയാൽ പക്ഷേ ദീനം ശമിക്കുമായിരിക്കും.
ബങ്കാളം.- ഓരോ തീവണ്ടിസ്ഥാനങ്ങ ളിൽ കയറ്റുവാൻ ചരതിച്ചു എന്നിട്ടും മൂടാ തെ വെച്ച അരിമുതലായ നവധാന്യങ്ങളിൽ നിന്നു വിചാരിയാതെ പെയ്ത മഴകൊ ണ്ടു ഏ കദേശം ൧൦ ലക്ഷം രുപ്പികയോളം മുതൽ കേ ടു വന്ന പോയിരിക്കുന്നു.
ബക്കർഗഞ്ജ് നവഖാലി എന്നീദിക്കുക ളിൽ പോയ ഒക്തോബ്രമാസത്തിൽ വൻ ചാമ ത്തലയാൽ ഏറിയ ജീവനാശം വന്നതു കൂടാ തെ തലത്തട്ടി ചോരപോക്കു കൾകൊണ്ടു ഏ റിയ നിവാസികൾ മരിച്ചു പോയിരിക്കുന്നു.

സന്ദീപിലെ 24 ഗ്രാമങ്ങളിലെ അവസ്ഥയാവിതു:

ആണങ്ങൾ പെണ്ണങ്ങൾ കുട്ടികൾ ആകെ തുക

മുമ്പേത്തെ നിവാസികൾ. 6,862 7,431 8,435 22,728

ചാമത്തലയാൽ നശിച്ചതു. 641 1,443 2,344 4,428

തലത്തട്ടികൊണ്ടു മരിച്ചതു. 836 1,034 960 2,330

ശേഷിക്കുന്ന നിവാസികൾ. 5,385 4,954 5,131 15,470

വ്യാധിസ്ഥന്മാൎക്കു മരുന്ന കൊടുക്കേണ്ടതി ന്നു വേണ്ടുന്ന വൈദ്യന്മാരെ കാലികാതയിൽ നിന്ന അയച്ചിരിക്കുന്നു.

മേൽപറഞ്ഞ കോൾ കൂടാതെ ഫിബ്രുവെ രി 5-8 തിയതികളിൽ നടന്ന ഓരോ കോൾ കൊണ്ടു പല നാശങ്ങൾ ഭവിച്ചു.

യുരോപ്പ Europe.

ഉറുമിസ്ഥാനം Turkey മക്കത്തു ഹജ്ജിക്കു പോയ മാപ്പിള്ളമാർ ഉറുമിസ്ഥാനത്തെ കുറിച്ചു അവിടെനിന്നു പുതുമയുള്ള വൎത്തമാനങ്ങളെ കൊണ്ടു വന്നതാവിതു : രുസ്സൻ പോയ ആ ണ്ടിൽ ഉറുമി സുല്ത്താനോടു ൭ രാജ്യം പിടിച്ചു എങ്കിലും ഉറുമിസുല്ത്താൻ രുസ്സനോടു പതിനാ ലു രാജ്യങ്ങളെ പറ്റിച്ചുകളഞ്ഞു എന്നും ആ യുദ്ധത്തിൽ 30,000 രുസ്സരെ ചിറ പിടിച്ചു അവരെ കത്തന (ചേല) കഴിക്കേണ്ടതിന്നു കൊണ്ടു പോയിരിക്കുന്നു എന്നും തന്നെ. എ ന്നാൽ ഇപ്പറഞ്ഞതു നടന്നില്ലാ എന്നു അറിയേണം.

൬ കേമമുള്ള ക്രിസ്തീയ കോയ്മകൾ സമാധാ ന വിഷയത്തിൽ പറഞ്ഞ ബുദ്ധിമതികളെ ഉറുമിസുൽത്താൽ കൈക്കൊള്ളായ്കയാൽ അവരവർ താന്താങ്ങളുടെ മന്ത്രികളെ ഉറുമിയിൽ നിന്നു വിളിപ്പിക്കയും ചില കീഴ് കാൎയ്യസ്ഥ ന്മാരെ മാത്രം വെക്കയും ചെയ്തിരിക്കുന്നു. (ജന വരി ൨൧ ൹ ) ഉറുമിസുൽത്താൻ ശാഠ്യം പി ടിച്ചതിനെക്കൊണ്ടു അഴലേണ്ടി വരാഞ്ഞാൽ നന്നു. സുൽത്താൻ ഒരു പുതിയ രാജ്യച്ചട്ടത്തെ നിയമിച്ചതിൻ വണ്ണം സൎവ്വാധികാരം മന്ത്രിക ളോടും ആലോചന സഭയോടും കൂട നടത്തി വരുന്നതല്ലാതെ മുൻ പോലെ താനായിട്ടെ നട ത്തുന്നില്ല. ആലോചന സഭയിൽ മുസൽമാന രും ക്രിസ്ത്യാനികളും യ്യൂതരും ആയ പ്രജകളിൽ നിന്നു ഇരിക്കുന്നു. ഈ പുതു വെപ്പു കൊണ്ടു ഉറുമിസ്ഥാനത്തിന്നു ഉപകാരം വരുമോ എന്നു ഇപ്പോൾ പറവാൻ ആയിട്ടില്ല.

മിഥാത് പാഷാവു സ്ഥാനത്തിൽനിന്നു പി ഴുക്കിയ മുരാദ് സുൽത്താനെ യഥാസ്ഥാനപ്പെ ടുത്തുവാൻ ഭാവിച്ചതുകൊണ്ടു ഇപ്പോഴത്തെ സുൽത്താൻ അവനെ തള്ളി നാടുകടത്തുകയും എധം പാഷാവിനെ പ്രധാന മന്ത്രിയാക്കി വെക്കയും ചെയ്തു എന്നു കേൾക്കുന്നു. മിഥാത് പാഷാവു സ്വാമിദ്രോഹത്തിന്നു ഓങ്ങിയ പ്ര കാരം തോ

ന്നുന്നില്ല. തന്നിൽ ശക്തിയുള്ള വ ല്ല വിരോധികൾക്കു ഇരയായി ഭവിച്ചു എന്നു സംശയിക്കുന്നു.

പ്രസാധകർ
താളിളക്കം